കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ ഇ-പേയ്മെന്റ്

132 (4714) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനംവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത സംവിധാനവുമായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്.എൽ.ഐ. പോളിസി ഉടമകൾക്ക് വേഗത്തിൽ കൈയിം ലുകയും വായ്പാ ലുകയും ലഭ്യമാക്കുക, ചെക്ക് മാറിയെടുക്കുന്നതിന് പോളിസി ഉടമകൾ നൽകേണ്ടിവരുന്ന കളക്ഷൻ ചാർജ് ഒഴിവാക്കുക, വകുപ്പിനുണ്ടാകുന്ന സ്റ്റേഷനറി, തപാൽ എന്നീ ഇനങ്ങളിലുള്ള ചെലവ് കുറയ്ക്കുക എന്നിവയാണ് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ട്രഷറി വകുപ്പ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവരാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത്.

കമ്പ്യൂട്ടർവൽക്കരണം

133 (4715) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു വഴി വകുപ്പിന്റെ പ്രവർത്തനം എത്ര മാത്രം മെച്ചപ്പെട്ടിട്ടുണ്ട് ;

(സി) ഇൻഷ്വറൻസ് ക്ലെയിമുകൾ സമയബന്ധിതമായി നൽകുവാൻ ഭരണ തലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയതിലൂടെ പോളിസി എൻഡോർസ്മെന്റ് റിവൈവൽ, ഡ്യൂപ്ലിക്കേറ്റ് പോളിസി തുടങ്ങിയ സേവനങ്ങൾ സമയബന്ധിതമായി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. വകുപ്പിന്റെ അക്കൗണ്ടിംഗ് സംവിധാനം ഒരു വാണിജ്യസ്ഥാപനത്തിനുതകുംവിധം അക്രൂവൽ ബെയ്സ്ഡ് സിസ്റ്റത്തിലേക്ക് മാറ്റുവാൻ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ സാധിക്കും. വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയതുവഴി ഉപഭോക്താക്കൾക്ക് വേഗത്തിലും കാര്യക്ഷമമായും വിവിധ സേവനങ്ങൾ നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) ഇൻഷ്വറൻസ് ക്ലെയിമുകൾ സമയബന്ധിതമായി നൽകുവാൻ സേവനാവകാശനിയമം നടപ്പിലാക്കിയതിന് പുറമെ ഇ-പേയ്മെന്റ് സംവിധാനവും ആരംഭിച്ചു

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന നൽകിയ വായ്പയും കുടിശ്ശികയും

134 (4716) ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എഫ്.സി.-യിൽ നിന്നും വിവിധ സംരംഭങ്ങൾക്കായി എത്ര കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് പേര് സഹിതം വിവരിക്കുമോ ;

(ബി) ഏറ്റവും കൂടുതൽ വായ്പ ഏത് സംരംഭത്തിനാണ് നൽകിയത് ; തുക എത്ര ; എന്നാണ് നൽകിയത് ;

(സി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയിരിക്കുന്ന സ്ഥാപനങ്ങൾ ഏതാണ് ; വിവരിക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിവരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly